കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - കെ-ടെറ്റ് 2012-ഒറിജിനൽ സർട്ടിഫിക്കറ്റ് പരിശോധന - ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

---

**പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്**

സ.ഉ (എം.എസ്) നം.295/12/പൊ.വി.വ തീയതി, തിരുവനന്തപുരം, 20.09.2012.

---

പരാമർശം:-
1) ജി.ഒ. (പി) നം. 70/12/പൊ.വി.വ. തീയതി. 01.03.2012.
2) ജി.ഒ. (എം.എസ്) നം. 205/12/പൊ.വി.വ. തീയതി. 25.06.2012.
3) ജി.ഒ. (ആർ.റ്റി) നം. 3580/12/പൊ.വി.വ. തീയതി. 28.07.2012.
4) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 10.09.2012-ലെ EXA6/42100/12/CGE നം കത്ത്.

**ഉത്തരവ്**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശിത കത്തു പ്രകാരം 2012 വർഷത്തിലെ കെ-ടെറ്റ് പരീക്ഷ വിജയിച്ചവർക്ക് പാസ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിനു മുമ്പ് വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിരുന്ന പ്രകാരമുള്ള യോഗ്യതയുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ പരിശോധിക്കുന്നതിന് പരീക്ഷാ സെന്റർ സ്ഥിതിചെയ്യുന്ന സ്ഥലത്തെ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെ ചുമതലപ്പെടുത്താമെന്നും അതുവഴി കാലതാമസവും പരീക്ഷാർത്ഥികൾക്കുണ്ടാകുന്ന പ്രയാസങ്ങളും ഒഴിവാക്കാമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ-ടെറ്റ് 2012 പരീക്ഷ വിജയിക്കുന്ന പരീക്ഷാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ അസൽ പരിശോധിക്കുന്നതിന് പരീക്ഷാ സെന്ററുകൾ സ്ഥിതിചെയ്യുന്ന സ്ഥലത്തെ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. ഈയിനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസ് ജീവനക്കാർക്കുണ്ടാകുന്ന അധിക ജോലി ഭാരത്തിന് പ്രതിഫലമായി ഒരു

പരീക്ഷാർത്ഥിയുടെ സർട്ടിഫിക്കറ്റ് പരിശോധിക്കുന്നതിന് 20/- രൂപ നിരക്കിൽ പ്രതിഫലമായി അംഗീകരിച്ചും ഉത്തരവാകുന്നു.

ടി തുക താഴെപറയുന്ന അനുപാതത്തിൽ വിതരണം ചെയ്യേണ്ടതാണ്.

| | |
|---|---|
| ജില്ലാ വിദ്യാഭ്യാസ ഓഫീസർ | 25% |
| പെഴ്സണൽ അസിസ്റ്റന്റ് | 20% |
| സൂപ്രണ്ട് | 15% |
| ക്ലാർക്ക് | 15% |
| ടൈപ്പിസ്റ്റ് | 15% |
| പ്യൂൺ | 10% |

മേൽ പറഞ്ഞ ചെലവുകൾ എസ്.സി.ഇ.ആർ.ടി. വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ആർ. മധുസൂധനൻ നായർ**
അഡീഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി., തിരുവനന്തപുരം.
പരീക്ഷാ കമ്മീഷണർ, പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, പൂജപ്പുര.
സെക്രട്ടറി, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ